# മധുരമായ കുട്ടികളെ – നിങ്ങൾക്ക് സേവനത്തിൽ വളരെയധികം കുതിപ്പ് വരണം, ജ്ഞാനവും യോഗവും ഉണ്ടെങ്കിൽ മറ്റുള്ളവരെയും പഠിപ്പിക്കൂ, സേവനത്തിന്റെ അഭിവൃദ്ധിയുണ്ടാക്കൂ.

**ചോദ്യം –** സേവനത്തിൽ കുതിപ്പ് വരാത്തതിന് കാരണമെന്താണ്? ഏത് വിഘ്നം കാരണമാണ് കുതിപ്പ് വരാത്തത്?

**ഉത്തരം –** ഏറ്റവും വലിയ വിഘ്നമാണ് ക്രിമിനൽ ദൃഷ്ടി. ഈ അസുഖം സേവനത്തിൽ കുതിപ്പുണ്ടാക്കില്ല. ഇത് വളരെ കടുത്ത രോഗമാണ്. അഥവാ ക്രിമിനൽ ദൃഷ്ടി തണുക്കുന്നില്ല, ഗൃഹസ്ഥ വ്യവഹാരത്തിൽ രണ്ടു ചക്രവും ശരിയായി നീങ്ങുന്നില്ല എങ്കിൽ ഗൃഹസ്ഥിയുടെ ഭാരമുണ്ടാകുന്നു, പിന്നീട് ഭാരരഹിതമായി സേവനത്തിൽ കുതിപ്പുണ്ടാക്കാൻ സാധിക്കില്ല.

**ഗീതം –** ഉണരൂ സജനിമാരെ ഉണരൂ................

**ഓം ശാന്തി**. മധുര–മധുരമായ കുട്ടികൾ ഈ ഗീതം കേട്ടോ. ഇങ്ങനെയുള്ള രണ്ട്–നാല് നല്ല ഗീതമുണ്ട് അത് എല്ലാവരുടെ പക്കലും ഉണ്ടായിരിക്കണം അല്ലെങ്കിൽ ടേപ്പിൽ റിക്കാർഡ് ചെയ്യണം. ഇപ്പോൾ ഈ ഗീതങ്ങൾ മനുഷ്യരാൽ ഉണ്ടാക്കപ്പെട്ടതാണെന്ന് പറയും. ഡ്രാമയനുസരിച്ച് സൂചന കിട്ടി, അത് പിന്നെ കുട്ടികൾക്ക് പ്രയോജനപ്പെട്ടു. ഇങ്ങനെയിങ്ങനെയുള്ള ഗീതം കുട്ടികൾക്ക് കേൾപ്പിക്കുന്നതിലൂടെ ലഹരി വർദ്ധിക്കുന്നു. കുട്ടികൾക്കാണെങ്കിൽ ലഹരി വർദ്ധിക്കണം നമ്മളിപ്പോൾ പുതിയ രാജ്യത്തിന്റെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്. രാവണനിൽ നിന്ന് തിരികെ എടുത്തുകൊണ്ടിരിക്കുകയാണ്. ആരെങ്കിലും യുദ്ധം ചെയ്യുമ്പോൾ ചിന്തയുണ്ടാകുമല്ലോ – ഇവരുടെ രാജ്യഭാഗ്യം പിടിച്ചെടുക്കും. ഇവരുടെ ഗ്രാമം നമ്മൾ കൈക്കലാക്കും. ഇപ്പോൾ അവരെല്ലാം പരിധിയുള്ളതിന് വേണ്ടിയാണ് യുദ്ധം ചെയ്യുന്നത്. നിങ്ങൾ കുട്ടികളുടെ യുദ്ധം മായയോടാണ്, ഇത് നിങ്ങൾ ബ്രാഹ്മണർക്കല്ലാതെ വേറെ ആർക്കും അറിയുകയില്ല. നിങ്ങൾക്കറിയാം നമ്മൾ ഈ വിശ്വത്തിൽ ഗുപ്ത രീതിയിൽ രാജ്യം സ്ഥാപിക്കുകയാണ് അഥവാ ബാബയിൽ നിന്നും സമ്പത്തെടുക്കുകയാണ്. ഇതിനെ യഥാർത്ഥത്തിൽ യുദ്ധമെന്നും പറയില്ല. ഡ്രാമയനുസരിച്ച് ആരാണോ സതോപ്രധാനത്തിൽ നിന്നും തമോപ്രധാനമായി മാറുന്നത് അവർ വീണ്ടും സതോപ്രധാനമായി മാറണം. നിങ്ങൾ നിങ്ങളുടെ ജന്മത്തെ അറിഞ്ഞിരുന്നില്ല. ഇപ്പോൾ ബാബ മനസ്സിലാക്കി തന്നു. വേറെ ഏതെല്ലാം ധർമ്മമുണ്ടോ അവർക്ക് ഈ ജ്ഞാനം ലഭിക്കുന്നതല്ല. ബാബ നിങ്ങൾ കുട്ടികൾക്ക് തന്നെയാണിരുന്ന് മനസ്സിലാക്കി തരുന്നത്. പാടുന്നുമുണ്ട് ധർമ്മത്തിൽ തന്നെയാണ് ശക്തി. ഭാരതവാസികൾക്ക് ഇത് അറിയുകയില്ല എന്താണ് നമ്മുടെ ധർമ്മം. നിങ്ങൾക്ക് ബാബയിലൂടെ അറിയാൻ കഴിഞ്ഞു നമ്മുടെത് ആദി സനാതന ദേവീ ദേവതാ ധർമ്മമാണ്. ബാബ വന്ന് നിങ്ങളെ പിന്നീട് ആ ധർമ്മത്തിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നു. നിങ്ങൾക്കറിയാം നമ്മുടെ ധർമ്മം വളരെയധികം സുഖം തരുന്നതാണ്. നിങ്ങൾ ആരോടും യുദ്ധമൊന്നും ചെയ്യേണ്ടതില്ല. നിങ്ങൾക്ക് തന്റെ സ്വധർമ്മത്തിൽ സ്ഥിതി ചെയ്യുകയും ബാബയെ ഓർമ്മിക്കുകയും വേണം, ഇതിൽ തന്നെയാണ് സമയമെടുക്കുക. കേവലം പറയുന്നതിലൂടെ നടക്കുകയില്ല. ഉള്ളിൽ ഈ ഓർമ്മയുണ്ടായിരിക്കണം– ഞാൻ ആത്മാവ് ശാന്ത സ്വരൂപമാണ്. നമ്മൾ ആത്മാക്കൾ ഇപ്പോൾ തമോപ്രധാന പതിതമായി മാറിയിരിക്കുന്നു. നമ്മൾ ആത്മാവ് എപ്പോൾ ശാന്തിധാമത്തിലായിരുന്നുവോ അപ്പോൾ പവിത്രമായിരുന്നു, പിന്നീട് പാർട്ടഭിനയിച്ചഭിനയിച്ച് തമോപ്രധാനമായി മാറി. ഇപ്പോൾ വീണ്ടും പവിത്രമായി മാറി നമുക്ക് തിരിച്ച് വീട്ടിലേയ്ക്ക് പോകണം. ബാബയിൽ നിന്ന് സമ്പത്ത് നേടുന്നതിന് വേണ്ടി സ്വയം ആത്മാവാണെന്ന് നിശ്ചയം ചെയ്ത് ബാബയെ ഓർമ്മിക്കണം. നിങ്ങൾക്ക് ലഹരി വർദ്ധിക്കും നമ്മൾ ഈശ്വരന്റെ സന്താനമാണ്. ബാബയെ ഓർമ്മിക്കുന്നതിലൂടെ മാത്രമേ വികർമ്മം വിനാശമാകൂ. എത്ര സഹജമാണ് – ഓർമ്മയിലൂടെ നമ്മൾ പവിത്രമായി മാറി പിന്നീട് ശാന്തിധാമത്തിലേയ്ക്ക് പോകും. ലോകത്തിലുള്ളവർക്ക് ഈ ശാന്തിധാമത്തെയും സുഖധാമത്തെയും അറിയുകയില്ല. ഈ കാര്യങ്ങൾ ഒരു ശാസ്ത്രങ്ങളിലും ഇല്ല. ജ്ഞാന സാഗരന്റേത് തന്നെയാണ് ഒരേയൊരു ഗീത, അതിൽ കേവലം പേര് മാറ്റിയിരിക്കുന്നു. സർവ്വരുടെയും സദ്ഗതി ദാതാവ്, ജ്ഞാനത്തിന്റെ സാഗരം ആ പരംപിതാ പരമാത്മാവിനെ തന്നെയാണ് പറയു ്.
വേറെ ആരെയും ജ്ഞാനവാൻ എന്ന് പറയാൻ സാധിക്കില്ല. എപ്പോഴാണോ ബാബ ജ്ഞാനം നൽകുന്നത് അപ്പോൾ നിങ്ങൾ ജ്ഞാനവാനാകും. ഇപ്പോൾ എല്ലാവരും ഭക്തിവാനാണ്. നിങ്ങളും ആയിരുന്നു. ഇപ്പോൾ വീണ്ടും ജ്ഞാനവാനായി മാറികൊണ്ടിരിക്കുകയാണ്. നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് ചിലരിൽ ജ്ഞാനമുണ്ട്, ചിലരിൽ ഇല്ല. അതിനാൽ എന്ത് പറയും? ആ കണക്കിലൂടെ ഉയർന്ന പദവി നേടാൻ സാധി

ക്കില്ല. ബാബ സേവനത്തിനു വേണ്ടി എത്രയാണ് കുതിപ്പിക്കുന്നത്. മറ്റുള്ളവരെ നല്ല രീതിയിൽ മനസ്സിലാക്കികൊടുക്കാൻ ഇങ്ങനെയിങ്ങനെ യുക്തികൾ രചിക്കണം എന്ന ശക്തി ഇപ്പോൾ കുട്ടികളിൽ വരുന്നില്ല. കുട്ടികൾ പരിശ്രമം ചെയ്ത് കോൺഫറൻസ് മുതലായവ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്, ഗോപന്മാരിൽ കുറച്ച് ശക്തിയുണ്ട്, അവർക്ക് ചിന്തയുണ്ടാകുന്നുണ്ട് കൂട്ടായ്മയിലൂടെ നിന്ന് യുക്തികൾ പുറത്തെടുക്കാമെന്ന്. സേവനം എങ്ങനെ വൃദ്ധി പ്രാപിക്കുമെന്ന് തല പുകച്ചുകൊണ്ടിരിക്കുകയാണ്. പേര് ശക്തി സേനയെന്നാണ് പക്ഷെ വിദ്യാഭ്യാസമുള്ളവരല്ല. ചിലർ പിന്നെ പഠിപ്പില്ലെങ്കിലും പഠിപ്പുള്ളവരെ നന്നായി പഠിപ്പിക്കുന്നു. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് ക്രിമിനൽ ദൃഷ്ടി വളരെ വലിയ നഷ്ടം ഉണ്ടാക്കുന്നതാണ്. ഈ രോഗം വളരെ കടുത്തതാണ് അതുകൊണ്ട് കുതിപ്പുണ്ടാകുന്നില്ല. അതിനാൽ ബാബ ചോദിക്കുകയാണ് നിങ്ങൾ ദമ്പതികൾ രണ്ടു ചക്രവും നല്ല രീതിയിൽ പോയ്കൊണ്ടിരിക്കുന്നുണ്ടോ? അവർക്ക് എത്ര വലിയ വലിയ സേനകളാണ്, സ്ത്രീകളുടെയും ഗ്രൂപ്പുണ്ട്, പഠിപ്പുള്ളവരാണ്. അവർക്കും സഹായം ലഭിക്കുന്നുണ്ട്. നിങ്ങളാണെങ്കിൽ ഗുപ്തമാണ്. ആർക്കും തന്നെ അറിയില്ല ഈ ബ്രഹ്മാകുമാരന്മാരും കുമാരിമാരും എന്താണ് ചെയ്യുന്നതെന്ന്. നിങ്ങളിലും നമ്പർവൈസാണ്. ഗൃഹസ്ഥത്തിന്റെ ഭാരം തലയിലുള്ളതുകൊണ്ട് കുനിഞ്ഞ് പോകുകയാണ്. ബ്രഹ്മാകുമാരൻ – കുമാരിയെന്ന് പറയുന്നു പക്ഷെ ക്രിമിനൽ ദൃഷ്ടി തണുക്കുന്നില്ല. ഇരു ചക്രവും ഒരു പോലെയാകാൻ വളരെ ബുദ്ധിമുട്ടാണ്. ബാബ കുട്ടികൾക്ക് സർവ്വീസ് ചെയ്യുന്നതിന് വേണ്ടി മനസ്സിലാക്കി കൊടുത്തുകൊണ്ടിരിക്കുന്നു. ചിലർ ധനമുള്ളവരാണ് – എന്നിട്ടു പോലും ഉത്സാഹമില്ല. ധനത്തിന്റെ ആഗ്രഹമാണ്, കുട്ടികളില്ലായെങ്കിലും ദത്തെടുക്കുന്നു. ബാബാ ഞങ്ങൾ തയ്യാറാണ്, ഞങ്ങൾ വലിയ വീടെടുത്ത് നൽകാം, ഈ കുതിപ്പ് വരുന്നില്ല.

ബാബയുടെ ദൃഷ്ടി വിശേഷിച്ച് ഡൽഹിയിലാണ് എന്തുകൊണ്ടെന്നാൽ ഡൽഹി തലസ്ഥാനമാണ്, ഹെഡ് ഓഫീസ്. ബാബ പറയുന്നു ഡൽഹിയിൽ വിശേഷ സേവനത്തിന്റെ വലയമിടൂ. ആർക്കെങ്കിലും മനസ്സിലാക്കികൊടുക്കുന്നതിന് വേണ്ടി ഉള്ളിൽ പ്രവേശിക്കണം. പാടിയിട്ടുമുണ്ട് പാണ്ഡവർക്ക് കൗരവരിൽ നിന്ന് 3 അടി ഭൂമി പോലും ലഭിച്ചില്ല. ഈ കൗരവനെന്ന അക്ഷരമാണെങ്കിൽ ഗീതയിലേതാണ്. ഭഗവാൻ വന്ന് രാജയോഗം പഠിപ്പിച്ചു, അതിന്റെ പേര് ഗീതയെന്ന് വെച്ചു. പക്ഷെ ഗീതയുടെ ഭഗവാനെ മറന്നു പോയി അതുകൊണ്ട് ബാബ ഇടയ്ക്കിടയ്ക്ക് പറഞ്ഞുകൊണ്ടിരിക്കുന്നു മുഖ്യമായി ഈ പോയിന്റിനെ തന്നെ എടുക്കണം. മുമ്പ് ബാബ പറഞ്ഞിട്ടുണ്ടായിരുന്നു ബനാറസിൽ വിദ്വൽ സദസ്സിന് മനസ്സിലാക്കി കൊടുക്കൂ. ബാബ യുക്തികളെല്ലാം പറഞ്ഞുകൊണ്ടേയിരിക്കുന്നു. പിന്നീട് നല്ല രീതിയിൽ പരിശ്രമം ചെയ്യണം. ബാബ എപ്പോഴും മനസ്സിലാക്കി തന്നുകൊണ്ടേയിരിക്കുന്നു. നമ്പർവൺ ഡൽഹിയിൽ യുക്തി രചിക്കൂ. സംഘടനയിലും ഇത് ചിന്തിക്കൂ. മുഖ്യമായ കാര്യത്തിന്റെ വലിയ മേള മുതലായവ ഡൽഹിയിലെങ്ങനെ ചെയ്യും. ആ ജനങ്ങളാണെങ്കിൽ ഡൽഹിയിൽ അനേക നിരാഹാര സമരം മുതലായവ ചെയ്യുന്നു. നിങ്ങളാണെങ്കിൽ അങ്ങനെയുള്ള ഒരു കാര്യവും ചെയ്യുന്നില്ല. വഴക്ക് ബഹളം ഒന്നുമില്ല. നിങ്ങൾ കേവലം ഉറങ്ങുന്നവരെ ഉണർത്തുകയാണ്. ഡൽഹിയിലുള്ളവർക്കും പരിശ്രമം ചെയ്യണം. നിങ്ങൾക്കാണെങ്കിൽ അറിയാം നമ്മൾ ബ്രഹ്മാണ്ഡത്തിന്റെയും അധികാരി പിന്നീട് കല്പം മുമ്പത്തെ പോലെ സൃഷ്ടിയുടെയും അധികാരിയായി മാറും. ഇത് തീർച്ചയായും ഉറപ്പാണ്. വിശ്വത്തിന്റെ അധികാരിയായി മാറുക തന്നെ ചെയ്യുന്നു. ഇപ്പോൾ നിങ്ങൾക്ക് 3 അടി മണ്ണെങ്കിലും തലസ്ഥാനത്ത് വേണം, അവിടെ ജ്ഞാനത്തിന്റെ ഉണ്ടകൾ ഉതിർക്കണം. ലഹരി ഉണ്ടാവണമല്ലോ. വലിയവരുടെ ശബ്ദം വേണമല്ലോ. ഈ സമയം മുഴുവൻ ഭാരതവും നിർദ്ധനമാണ്. നിർദ്ധനരുടെ സേവനം ചെയ്യുന്നതിന് തന്നെയാണ് ബാബ വരുന്നത്. ഡൽഹിയിലാണെങ്കിൽ വളരെ നല്ല സേവനം ഉണ്ടാവണം. ബാബ സൂചന നൽകികൊണ്ടിരിക്കുന്നു. ഡൽഹിയിലുള്ളവർ മനസ്സിലാക്കുന്നു ബാബ നമ്മുടെ ശ്രദ്ധ ആകർഷിക്കുകയാണ്. പരസ്പരം പാൽക്കടലാവണം. തങ്ങളുടെ പാണ്ഡവരുടെ കോട്ട ഉണ്ടാക്കൂ. ഡൽഹിയിൽ തന്നെ ഉണ്ടാക്കേണ്ടി വരും. ഇതിന് വളരെ നല്ല ബുദ്ധി വേണം. വളരെയധികം ചെയ്യാൻ സാധിക്കുന്നു. ആ ആളുകളാണെങ്കിൽ പാടുന്നുമുണ്ട് ഭാരതം നമ്മുടെ ദേശമാണ്, ഞങ്ങൾ അങ്ങനെ ചെയ്യും. പക്ഷെ സ്വയത്തിൽ ഒരു വിശ്വാസവുമില്ല. വിദേശിയരുടെ സഹായമില്ലാതെ ഒന്നും എടുക്കാൻ സാധിക്കില്ല. നിങ്ങൾക്ക് പരിധിയില്ലാത്ത ബാബയിൽ നിന്ന് ഒരുപാട് സഹായം ലഭിച്ചുകൊണ്ടിരിക്കുന്നു. ഇത്രയും സഹായം വേറെയാർക്കും നൽകാൻ സാധിക്കില്ല. ഇപ്പോൾ വേഗം കോട്ട ഉണ്ടാക്കണം. നിങ്ങൾ കുട്ടികൾക്ക് ബാബ വിശ്വത്തിന്റെ ചക്രവർത്തി പദവി നൽകുന്നുവെങ്കിൽ വളരെയധികം ഉത്സാഹം ഉണ്ടാവണം. ആവശ്യമില്ലാത്ത കാര്യങ്ങളിൽ ബുദ്ധി കുടുങ്ങുന്നു. മാതാക്കളിൽ ബന്ധനങ്ങളുടെ ദു:ഖമാണ്. പുരുഷന്മാരിൽ ഒരു ബന്ധനവുമില്ല. മാതാക്കളെ അബലയെന്ന് പറയുന്നു. പുരുഷൻ ബലവാനാണ്. പുരുഷൻ വിവാഹം കഴിക്കുമ്പോൾ അവർക്ക് ബലം നൽകപ്പെടുകയാണ് – നിങ്ങൾ തന്നെയാണ് ഗുരുവും ഈശ്വരനും എല്ലാം. സ്ത്രീയാണെങ്കിൽ വാലു പോലെയാണ്. പിന്നാലെ തൂങ്ങുന്നവർ വാസ്തവത്തിൽ വാലായി തന്നെ തൂങ്ങേണ്ടി വരുന്നു. പതിയോട് മോഹം, കുട്ടികളോട് മോഹം, പുരുഷന്മാരിൽ ഇത്രയും മോഹം ഉണ്ടായിരിക്കില്ല. അവർക്കാണെങ്കിൽ ഒരു ചെരുപ്പ്

പോയാൽ രണ്ടാമത്തെയും മൂന്നാമത്തെയുമൊക്കെ എടുക്കുന്നു. ശീലമായിരിക്കയാണ്. ബാബയാണെങ്കിൽ മനസ്സിലാക്കി തന്നുകൊണ്ടേയിരിക്കുന്നു– ഇന്നയിന്നതെല്ലാം ദിനപത്രത്തിൽ ഇടൂ. കുട്ടികൾക്ക് അച്ഛന്റെ ഷോ ചെയ്യണം. ഇത് മനസ്സിലാക്കി കൊടുക്കേണ്ടത് നിങ്ങളുടെ ജോലിയാണ്. ബാബയുടെയടുത്താണെങ്കിൽ ദാദയുമുണ്ട്. അതിനാൽ ഇദ്ദേഹത്തിന് പോകാൻ സാധിക്കില്ല. പറയും ശിവബാബ ഇത് പറയൂ, ഞങ്ങളുടെ മേൽ ഈ ആപത്തുകൾ വന്നു, ഇതിൽ അങ്ങ് നിർദ്ദേശം തരൂ. ഇങ്ങനെയിങ്ങനെയുള്ള കാര്യങ്ങൾ ചോദിക്കുന്നു. ബാബയാണെങ്കിൽ പതിതരെ പാവനമാക്കാൻ വന്നിരിക്കുകയാണ്. ബാബ പറയുകയാണ് നിങ്ങൾ കുട്ടികൾക്ക് എല്ലാ ജ്ഞാനവും ലഭിക്കുന്നു. പരിശ്രമം ചെയ്ത് ഒത്തുകൂടി അഭിപ്രായം ഉണ്ടാക്കൂ. നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ തീവ്രഗതിയുടെ സേവനത്തിന്റെ തമാശ കാണിച്ചു കൊടുക്കണം. ഉറുമ്പിന്റെ പോലെയുള്ള സേവനമാണ് നടന്നുകൊണ്ടിരിക്കുന്നത്. എന്നാൽ അനേകരുടെ മംഗളമായി മാറുന്നതരത്തിലുള്ള തമാശ കാണിക്കൂ. ബാബ കല്പം മുമ്പും ഇത് മനസ്സിലാക്കി തന്നിട്ടുണ്ട്, ഇപ്പോഴും മനസ്സിലാക്കി തരുന്നു. അനേകരുടെ ബുദ്ധി അവിടെയുമിവിടെയും കുടുങ്ങിയിരിക്കുകയാണ്. ഉത്സാഹമില്ല. പെട്ടെന്ന് ദേഹാഭിമാനം വരുന്നു. ദേഹാഭിമാനം തന്നെയാണ് സത്യനാശം ചെയ്യുന്നത്. ഇപ്പോൾ സത്യമായ ബാബ ഉയർന്നതാക്കുന്നതിന്റെ എത്ര സഹജമായ കാര്യമാണ് പറഞ്ഞു തരുന്നത്. ബാബയെ ഓർമ്മിക്കൂ എങ്കിൽ ശക്തി വരും. ഇല്ലായെങ്കിൽ ശക്തി വരില്ല. സെന്റർ സംരക്ഷിക്കുകയാണ് പക്ഷെ ലഹരിയില്ല കാരണം ദേഹാഭിമാനമാണ്. ദേഹീ അഭിമാനിയാവുകയാണെങ്കിൽ ലഹരി വർദ്ധിക്കും. നമ്മൾ ഏത് അച്ഛന്റെ കുട്ടികളാണ്. ബാബ പറയുന്നു എത്ര നിങ്ങൾ ദേഹീ അഭിമാനിയാകുന്നുവോ അത്രയും ബലം വരും. പകുതി കല്പത്തിന്റെ ദേഹാഭിമാനത്തിന്റെ ലഹരിയാണ് അതിനാൽ ദേഹീ അഭിമാനിയാകുന്നതിൽ വലിയ പരിശ്രമം ഉണ്ടാകും. ബാബ ജ്ഞാനത്തിന്റെ സാഗരമാണ്, നമ്മളും ജ്ഞാനം എടുത്തു, അനേകർക്ക് മനസ്സിലാക്കി കൊടുക്കുന്നു, ഇങ്ങനെയല്ല, പക്ഷെ ഓർമ്മയുടെ മൂർച്ചയും ആവശ്യമാണ്. ജ്ഞാനത്തിന്റെ വാളാണ്. പിന്നെ ഓർമ്മയുടെ യാത്രയാണ്. രണ്ടും വ്യത്യസ്ത വസ്തുക്കളാണ്. ജ്ഞാനത്തിൽ ഓർമ്മയുടെ യാത്രയുടെ മുർച്ചയുണ്ടാവണം. അതില്ലെങ്കിൽ മരത്തിന്റെ വാളായി പോകും. സിക്കുകാർ വാളിനെ വളരെയധികം ആദരവ് കൊടുക്കുന്നു. അതാണെങ്കിൽ ഹിംസയായിരുന്നു, അതിലൂടെ യുദ്ധം ചെയ്യുകയാണ്. വാസ്തവത്തിൽ ഗുരു ജനങ്ങൾക്ക് യുദ്ധം ചെയ്യാൻ സാധിക്കില്ല. ഗുരുവാണെങ്കിൽ അഹിംസകരായിരിക്കണമല്ലോ. യുദ്ധത്തിലൂടെ സദ്ഗതിയുണ്ടാകില്ല. നിങ്ങളുടെതാണെങ്കിൽ യോഗത്തിന്റെ കാര്യമാണ്. ഓർമ്മയുടെ ബലമില്ലാതെ ജ്ഞാനമാകുന്ന വാൾ പ്രയോജനപ്പെടില്ല. ക്രിമിനൽ ദൃഷ്ടി വളരെ വലിയ നഷ്ടം ഉണ്ടാക്കുന്നതാണ്. ആത്മാവ് കാതിലൂടെ കേൾക്കുന്നു, ബാബ പറയുന്നു നിങ്ങൾ ഓർമ്മയിൽ ഉന്മത്തമായിരിക്കൂ എങ്കിൽ സേവനം വർദ്ധിക്കും. ഇടയ്ക്കിടയ്ക്ക് പറയുകയാണ് ബാബാ സംബന്ധി കേൾക്കുന്നില്ല. ബാബ പറയുകയാണ് ഓർമ്മയുടെ യാത്രയിൽ അപക്വമാണ് അതുകൊണ്ടാണ് ജ്ഞാനമാകുന്ന വാൾ പ്രയോജനപ്പെടാത്തത്. ഓർമ്മയുടെ പരിശ്രമം ചെയ്യൂ. ഇത് ഗുപ്ത പരിശ്രമമാണ്. മുരളി കേൾപ്പിക്കുന്നതാണെങ്കിൽ പ്രത്യക്ഷമാണ്. ഓർമ്മ തന്നെയാണ് ഗുപ്ത പരിശ്രമം, ഏതിലൂടെയാണോ ശക്തി ലഭിക്കുന്നത്. ജ്ഞാനത്തിലൂടെ ശക്തി ലഭിക്കില്ല. നിങ്ങൾ ഓർമ്മയുടെ ബലത്തിലൂടെ പതിതത്തിൽ നിന്ന് പാവനമായി മാറുന്നു. സമ്പാദ്യത്തിന്റെ തന്നെയാണ് പുരുഷാർത്ഥം ചെയ്യേണ്ടത്.

എപ്പോൾ കുട്ടികളുടെ ഓർമ്മ ഏകരസമായിരിക്കുന്നുവോ, അവസ്ഥ നല്ലതാകുമ്പോൾ വളരെയധികം സന്തോഷമുണ്ടാവുകയും എപ്പോൾ ഓർമ്മ ശരിയാകുന്നില്ലയോ, ഏതെങ്കിലും കാര്യത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുകയാണെങ്കിൽ സന്തോഷം നഷ്ടമാകുന്നു. വിദ്യാർത്ഥിക്ക് ടീച്ചറിന്റെ ഓർമ്മ വരികയില്ലേ. ഇവിടെയാണെങ്കിൽ വീട്ടിലിരുന്നും, എല്ലാ ചെയ്തും ടീച്ചറിനെ ഓർമ്മിക്കണം. ഈ ടീച്ചറിലൂടെയാണെങ്കിൽ വളരെ വളരെ ഉയർന്ന പദവി ലഭിക്കുന്നു. ഗൃഹസ്ഥ വ്യവഹാരത്തിലും ഇരിക്കണം. ടീച്ചറുടെ ഓർമ്മയുണ്ടായിക്കണം എങ്കിൽ അച്ഛന്റെയും ഗുരുവിന്റെയും ഓർമ്മ തീർച്ചയായും വരും. എത്ര പ്രകാരത്തിലാണ് മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നത്. പക്ഷെ വീട്ടിൽ പിന്നീട് ധനം – സമ്പത്ത്, കുട്ടികൾ മുതലായവരെ നോക്കി മറന്നു പോകുന്നു. മനസ്സിലാക്കികൊടുക്കുന്നത് ഒരുപാടാണ്. നിങ്ങൾക്ക് ആത്മീയ സേവനം ചെയ്യണം. ബാബയുടെ ഓർമ്മ തന്നെയാണ് ഉയർന്നതിലും ഉയർന്ന സേവനം. മനസ്സാ–വാചാ –കർമ്മണാ ബുദ്ധിയിൽ ബാബയുടെ ഓർമ്മയുണ്ടായിരിക്കണം. മുഖത്തിലൂടെയും ജ്ഞാനത്തിന്റെ കാര്യങ്ങൾ കേൾപ്പിക്കൂ. ആർക്കും ദു:ഖം നൽകരുത്. ഒരു അകർത്തവ്യവും ചെയ്യരുത്. ആദ്യത്തെ കാര്യം അല്ലാഹുവെന്ന് മനസ്സിലാക്കാത്തതുകൊണ്ട് വേറെ ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. ആദ്യം അല്ലാഹുവിനെ പക്കാ ചെയ്യിപ്പിക്കൂ അതിന് ശേഷമേ മുന്നോട്ട് പോകാവൂ. ശിവബാബ രാജയോഗം പഠിപ്പിച്ച് വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു. ഈ മോശമായ ലോകത്തിൽ മായയുടെ ഷോ വളരെയുണ്ട്. എത്ര ഫാഷനായി. മോശമായ ലോകത്തോട് വൈരാഗ്യം വരണം. ഒരു ബാബയെ ഓർമ്മിക്കുന്നതിലൂടെ നിങ്ങളുടെ വികർമ്മം വിനാശമാകും. പവിത്രമാകും. സമയം നഷ്ടപ്പെടുത്തരുത്. നല്ല രീതിയിൽ ധാരണ ചെയ്യൂ. മായയാകുന്ന ശത്രു അനേകരുടെ ബുദ്ധിയെ പെട്ടെന്ന് മോശമാക്കി മാറ്റുന്നു. കമാൻഡർ തെറ്റു ചെയ്യുക

യാണെങ്കിൽ അവരെ ഡിസ്മിസും ചെയ്യുന്നു. സ്വയം കമാൻഡർക്കും ലജ്ജ വരുന്നു പിന്നീട് രാജിയും വെയ്ക്കുന്നു. ഇവിടെയും അങ്ങനെ സംഭവിക്കുന്നു. നല്ല നല്ല കമാൻഡർമാർ ഇടയ്ക്ക് വിട്ട് പോകും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം

1. ഓർമ്മയുടെ ഗുപ്ത പരിശ്രമം ചെയ്യണം. ഓർമ്മയുടെ ലഹരിയിലിരിക്കുന്നതിലൂടെ സേവനം സ്വതവേ തന്നെ വർദ്ധിച്ചുകൊണ്ടിരിക്കും. മനസ്സാ-വാചാ-കർമ്മണാ ഓർമ്മയിലിരിക്കുന്നതിന്റെ പുരുഷാർത്ഥം ചെയ്യണം.

2. മുഖത്തിലൂടെ ജ്ഞാനത്തിന്റെ തന്നെ കാര്യങ്ങൾ കേൾപ്പിക്കണം, ആർക്കും ദു:ഖം നൽകരുത്. ഒരു അകർത്തവ്യവും ചെയ്യരുത്. ദേഹീ അഭിമാനിയാകുന്നതിന്റെ പരിശ്രമം ചെയ്യണം.

## വരദാനം:- ഇരുമ്പിന് സമാനമുള്ള ആത്മാക്കളെ പവിഴമാക്കി മാറ്റുന്ന മാസ്റ്റർ പവിഴനാഥനായി ഭവിക്കട്ടെ.

താങ്കൾ എല്ലാവരും പാരസ്നാഥനായ ബാബയുടെ മക്കൾ മാസ്റ്റർ പാരസ്നാഥന്മാരാണ്- അതിനാൽ എങ്ങനെയുള്ള ഇരുമ്പിന് സമാനമായ ആത്മാവാകട്ടെ, താങ്കളുടെ കൂട്ടുകെട്ടിലൂടെ ഇരുമ്പും പവിഴമായി മാറും. ഇത് ഇരുമ്പാണ്- ഇങ്ങനെ ഒരിക്കലും ചിന്തിക്കരുത്. പവിഴത്തിന്റെ ജോലി തന്നെയാണ് ഇരുമ്പിനെ പവിഴമാക്കി മാറ്റുക. ഈ ലക്ഷ്യവും ലക്ഷണവും സദാ സ്മൃതിയിൽ വെച്ച് ഓരോ സങ്കൽപവും ഓരോ കർമ്മവും ചെയ്യണം, അപ്പോൾ അനുഭവമാകും അതായത് ആത്മാവായ എന്റെ ലൈറ്റിന്റെ കിരണങ്ങൾ അനേകം ആത്മാക്കളെ ഗോൾഡാക്കാനുള്ള ശക്തി കൊടുത്തുകൊണ്ടിരിക്കുകയാണ്.

## സ്ലോഗൻ:- ഓരോ കാര്യവും സാഹസത്തോടെ ചെയ്യൂ എങ്കിൽ സർവ്വരുടെയും ബഹുമാനം പ്രാപ്തമാകും.

**അവ്യക്ത സൂചനകൾ-സഹജയോഗിയാകണമെങ്കിൽ പരമാത്മാ സ്നേഹത്തിന്റെ അനുഭവിയാകൂ.**
പരമാത്മാ സ്നേഹം ഈ ശ്രേഷ്ഠ ബ്രാഹ്മണജന്മത്തിന്റെ ആധാരമാണ്. പറയാറുമുണ്ട് സ്നേഹമുണ്ടെങ്കിൽ ലോകമുണ്ട്, ജീവിതമുണ്ട്. സ്നേഹമില്ലെങ്കിൽ ജീവിതവുമില്ല, ലോകവുമില്ല. സ്നേഹം ലഭിച്ചു അർത്ഥം ലോകം ലഭിച്ചു. ലോകർ ഒരു തുള്ളിക്കുവേണ്ടി ദാഹാർത്തരാണ്, എന്നാൽ നിങ്ങൾ കുട്ടികൾക്ക് ഇത് പ്രഭുസ്നേഹത്തിന്റെ സ്വത്താണ്. ഈ പ്രഭുസ്നേഹത്തിലൂടെ പാലിക്കപ്പെടുക അർത്ഥം ബ്രാഹ്മണജീവിതത്തിൽ മുന്നേറുക. അതിനാൽ സദാ സ്നേഹത്തിന്റെ സാഗരത്തിൽ ലൗലീനമായിരിക്കൂ.